**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **5663** **18.11.2019**- ൽ മറുപടിയ്ക്ക്

## വൃദ്ധമാതാപിതാക്കളുടെ സംരക്ഷണം

ചോദ്യം
ശ്രീ.ഐ.സി.ബാലകൃഷ്ണൻ

മറുപടി
കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും
വനിത-ശിശുവികസനവും
വകുപ്പ് മന്ത്രി.)

| | | | |
|---|---|---|---|
| (എ) | വൃദ്ധമാതാപിതാക്കളെ സംരക്ഷിക്കാതെ മക്കൾ ഉപേക്ഷിക്കുന്ന പ്രവണത സംസ്ഥാനത്ത് കൂടിവരുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല |
| (ബി) | മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും സംരക്ഷണവും ക്ഷേമവും സംബന്ധിച്ച 2007-ലെ കേന്ദ്ര നിയമത്തിന്റെ അടിസ്ഥാനത്തിൽ, ഇത്തരം പരാതികളിന്മേൽ സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണ്; | (ബി) | വയോജനങ്ങൾക്ക് ശ്രദ്ധയും പരിഗണനയും ഉറപ്പ് വരുത്തുന്നതിന് നോഡൽ വകുപ്പായ സാമൂഹ്യനീതി വകുപ്പ് മറ്റ് വിവിധ വകുപ്പുകളുടെ സഹകരണത്തോടെ 2007 ലെ വയോജന സംരക്ഷണ നിയമം സംസ്ഥാനത്ത് നടപ്പാക്കി വരുന്നുണ്ട്. പ്രസ്തുത നിയമത്തിന്റെ അടിസ്ഥാനത്തിലുള്ള സംസ്ഥാന ചട്ടങ്ങൾ പ്രകാരം ഓരോ വകുപ്പും സ്വീകരിക്കേണ്ട നടപടികൾ നിർവചിച്ച് നൽകിയിട്ടുണ്ട്. വയോജന സംരക്ഷണ നിയമപ്രകാരം ലഭ്യമാകുന്ന പരാതികൾ റവന്യൂ ഡിവിഷണൽ ഓഫീസർമാർ പ്രിസൈഡിംഗ് ഓഫീസറായിട്ടുള്ള മെയിന്റനൻസ് ട്രൈബ്യൂണലുകളുടെ പരിഗണനയ്ക്ക് വരികയും പരാതി സംബന്ധിച്ച് അന്വേഷണ, വിചാരണ നടപടികളിലൂടെയും, ഒത്തുതീർപ്പ് ചർച്ചകളിൽ താല്പര്യമുള്ളവർക്ക് കൺസീലിയേഷൻ മുഖാന്തിരവും പ്രസ്തുത പരാതികൾക്ക് ഉചിതമായ നടപടി |

| | | | |
|---|---|---|---|
| | | | സ്വീകരിച്ച് വരുന്നുണ്ട്. വയോജനങ്ങളെ സംരക്ഷിക്കാതെ ഉപേക്ഷിക്കുന്നവർക്കെതിരെ കേസ് ചുമത്താനും 3 മാസം വരെയുള്ള തടവിനോ 5000/-രൂപ പിഴയോ രണ്ടും കൂടിയോ ശിക്ഷ വിധിക്കുവാനും ടി നിയമം അനുശാസിക്കുന്നുണ്ട്.<br>മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും ക്ഷേമവും സംരക്ഷണവും സംബന്ധിച്ച നിയമം സംസ്ഥാനത്ത് ഫലപ്രദമായി നടപ്പിലാക്കുന്നതിനും സമയബന്ധിതമായി പരാതികളിന്മേൽ അന്വേഷണ നടപടികൾ പൂർത്തിയാക്കി ട്രൈബ്യൂണൽ മുഖേന പരിഹാരം കണ്ടെത്തുന്നതിനുമായി എല്ലാ മെയിന്റനൻസ് ട്രൈബ്യൂണലുകളിലും ഓരോ ടെക്നിക്കൽ അസിസ്റ്റന്റുമാരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ച് ടി നിയമത്തിന്റെ നടത്തിപ്പ് ശക്തിപ്പെടുത്തിയിട്ടുണ്ട്. |
| (സി) | ഇത്തരത്തിൽ ലഭിക്കുന്ന പരാതികളിൽ അടിയന്തര നടപടി ,സ്വീകരിക്കുന്നില്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതികളിന്മേൽ സമയബന്ധിതമായി നടപടി സ്വീകരിക്കുവാൻ പ്രത്യേക നിർദ്ദേശം നൽകുമോ എന്നറിയിക്കാമോ? | (സി) | ഇല്ല. മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും ക്ഷേമവും സംരക്ഷണവും സംബന്ധിച്ച നിയമം സംസ്ഥാനത്ത് ഫലപ്രദമായി നടപ്പിലാക്കുന്നതിനും ട്രൈബ്യൂണലിന്റെ പരിഗണനയ്ക്ക് വരുന്ന കേസുകളിന്മേൽ അന്വേഷണ, വിചാരണ നപടികൾ വേഗത്തിലാക്കുന്നതിന് എല്ലാ മെയിന്റനൻസ് ട്രൈബ്യൂണലുകളിലും ഓരോ ടെക്നിക്കൽ അസിസ്റ്റന്റുമാരെ നിയമിക്കുന്ന പദ്ധതി വകുപ്പ് ഇതിനകം തന്നെ നടപ്പാക്കിയിട്ടുണ്ട്. ഇവരുടെ പ്രവർത്തനം കേസ് നടപടികൾ വേഗത്തിൽ തീർപ്പാക്കുന്നതിന് ട്രൈബ്യൂണലുകളെ സഹായിക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**